**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **04-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളുടെ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിലവിലെ അംഗങ്ങളുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്; പ്രസ്തുത അംഗങ്ങളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുവരെയാണ് ദീർഘിപ്പിക്കുന്നത്; വിശദമാക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട ഒരു അംഗവും പൊതുവിഭാഗത്തിൽപെട്ട 2 അംഗങ്ങളും ഉൾപ്പെടെ 3 അംഗങ്ങളാണ് ഉള്ളത്. ആയതിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട അംഗത്തിന്റെ കാലാവധി 15.01.2025 തീയതിയിൽ അവസാനിച്ചു. പൊതു വിഭാഗത്തിൽപെട്ട രണ്ട് അംഗങ്ങളുടെ കാലാവധി 13.11.2025 തീയതിയിലാണ് അവസാനിക്കുന്നത്.<br><br>അംഗങ്ങളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതെങ്കിലും ദേവസ്വം ബോർഡ് അംഗങ്ങളുടെ കാലാവധി വെട്ടിച്ചുരുക്കിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | 14.11.2017-ലെ 23-ാം നമ്പർ ഓർഡിനൻസ് പ്രകാരം 1950-ലെ തിരുവിതാംകൂർ -കൊച്ചിൻ ഹിന്ദുമത സ്ഥാപന നിയമം ഭേദഗതി ചെയ്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളുടെയും പ്രസിഡന്റിന്റെയും കാലാവധി 2 വർഷമായി നിജപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായിരുന്ന ശ്രീ.പ്രയാർ ഗോപാലകൃഷ്ണന്റെയും അംഗമായിരുന്ന ശ്രീ.അജയ് തറയിലിന്റെയും കാലാവധി 14.11.2017-ന് അവസാനിച്ചു. |
| (സി) | ദേവസ്വം ബോർഡ് അംഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | ദേവസ്വം ബോർഡ് അംഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ദേവസ്വം ബോർഡ് അംഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ**

**President-**
Honorarium- Rs.35,000/-
Residential House / HRA-Rs.12,000/- (Subject to Rent Claim)
Telephone-Rs.1000/
TA- Monthly Limit-Rs.69,000 (maximum)
Sitting Fee-Rs.1050/-

**Members**
Honorarium- Rs.25,000/-
Residential House / HRA-Rs.17,000/- (Subject to Rent Claim)
Telephone-Rs.1000/
TA- Monthly Limit-Rs.69,000 (maximum)
Sitting Fee-Rs.750/-